പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **2105**

22.01.2014 ൽ മറുപടിയ്ക്ക്

**മുതുവിള ശ്രീ. ബൈജുവിന്റെ ദുരൂഹമരണത്തിലുള്ള കേസ് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നെടുമങ്ങാട് താലൂക്കിൽ കല്ലറ, മുതുവിള കല്ലുവരമ്പിൽ വീട്ടിൽ ശ്രീമതി. ജഗദാംബികയുടെ മകനും ശ്രീമതി. രമ്യയുടെ ഭർത്താവുമായ ബൈജുവിനെ 11.11.2012 പകൽ 11 മണിക്ക് വീട്ടിൽ നിന്നും വിളിച്ചിറക്കിക്കൊണ്ടുപോവുകയും പിറ്റേന്ന് രാവിലെ ദുരൂഹസാഹചര്യത്തിൽ രക്തം വാർന്ന് മരണപ്പെട്ടുകിടന്നതുമായി ബന്ധപ്പെട്ട് പാങ്ങോട് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ആരാണ് പ്രസ്തുത പരാതി നൽകിയിട്ടുള്ളത്; | (ബി) ആദ്യ പരാതി നൽകിയത് മരണപ്പെട്ട ബൈജുവിന്റെ അനുജനായ ബിജേഷാണ്. തുടർന്ന് ബൈജുവിന്റെ അമ്മ ജഗദാംബികയും ഭാര്യ രമ്യയും ചേർന്ന് പരാതികൾ നൽകിയിട്ടുണ്ട്. |
| (സി) ബൈജുവിനെ വീട്ടിൽ നിന്നും വിളിച്ചിറക്കിക്കൊണ്ടു പോയത് ആരാണ് എന്ന് പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ ; | (സി) ബൈജുവിനെ വീട്ടിൽ നിന്നും വിളിച്ചിറക്കിക്കൊണ്ടുപോയത് ഓട്ടോഡ്രൈവറായ രാജേഷാണെന്ന് പരാതിയിൽ പറഞ്ഞിട്ടുണ്ട്. |
| (ഡി) ഈ കുറ്റകൃത്യവുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന മറ്റാരുടെയെങ്കിലും പേരുകൾ പ്രസ്തുത പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ ; | (ഡി) കുട്ടൻ എന്ന് വിളിക്കുന്ന ഷാജുവിനെ സംശയമുണ്ടെന്നും, കൂടാതെ, ചിട്ടി ശ്രീനാഥ്, കരുപൂരാൻ ശശി, ജിണ്ടാൻ ശശി, ഭഗവാൻ ഉണ്ണി, തേയില വിജയകുമാർ, ടയർ അമ്പിളി, കോട്ടയിൽ കണ്ണൻ, മൂക്ക്കീറി മണിയൻ, മലക്കറി അനി, ഓട്ടോ ജമാൽ എന്നിവർ |

....2

| | | | |
|---|---|---|---|
| | | | സംഭവ സ്ഥലത്ത് ഉണ്ടായിരുന്നതായും പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഇവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തുകയോ പ്രതികളെ തിരിച്ചറിയുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; | (ഇ) | ബിജേഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ പാങ്ങോട് പോലീസ് സ്റ്റേഷൻ ക്രൈം 896/12 u/c 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾക്കെതിരെ അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി തെളിവ് ലഭിച്ചിട്ടില്ലാത്തതാകുന്നു. |
| (എഫ്) | മരണപ്പെട്ട ബൈജുവിന്റെ പോസ്റ്റ് മോർട്ടം റിപ്പോർട്ടിലും ഫോറൻസിക് റിപ്പോർട്ടിലും മരണ കാരണം എന്താണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | (എഫ്) | ഫോറൻസിക് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഫോറൻസിക് റിപ്പോർട്ട് ലഭിക്കുന്നതുവരെ മരണകാരണത്തെപ്പറ്റിയുള്ള അന്തിമ നിഗമനം പെന്റിംഗിൽ ആണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ജി) | ഈ കേസ് തേച്ചുമാച്ചുകളയുന്നതിന് ശ്രമം നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എച്ച്) | ഇത് സംബന്ധമായ പരാതി ആറ്റിങ്ങൽ ഡി.വൈ.എസ്.പി., തിരുവനന്തപുരം റൂറൽ എസ്.പി., ആഭ്യന്തര വകുപ്പു മന്ത്രി എന്നിവർക്ക് ലഭിച്ചിട്ടുണ്ടോ ; | (എച്ച്) | ലഭിച്ചിട്ടുണ്ട്. |
| (ഐ) | ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്നും ഈ കേസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ; | (ഐ) | പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ പാങ്ങോട് പോലീസ് സ്റ്റേഷൻ ക്രൈം 896/12 u/c 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കിളിമാനൂർ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. |
| (ജെ) | ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ, മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെ ഈ കേസന്വേഷണത്തിന്റെ ചുമതല ഏൽപ്പിക്കുമോ ? | (ജെ) | ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കിളിമാനൂർ പോലീസ് ഇൻസ്പെക്ടർ കേസിന്റെ അന്വേഷണം ഫലപ്രദമായ രീതിയിൽ നടത്തി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ